**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3482 11.12.2018- ൽ മറുപടിയ്ക്ക്

## റബ്ബർ വില സ്ഥിരത ഫണ്ട് സംവിധാനം

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് റബ്ബർ വില സ്ഥിരത ഫണ്ട് സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) ഉണ്ട്. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതം അനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150/- രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ടു ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും ( കിലോയ്ക്ക് 150/-രൂപ) റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വില സൂചികയും തമ്മിലുള്ള വില വ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ടു നല്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം RSS-1,2,3,4,5 ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകി വരുന്നു. പ്രസ്തുത പദ്ധതിയുടെ 4-ാം ഘട്ടം 2018 ജൂലൈയിൽ തുടങ്ങി 2019 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പിലാക്കി വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെയായി എത്ര തുകയാണ് അനുവദിച്ചത്; ആയതിൽ എത്ര തുക കർഷകർക്ക് നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 811.87 കോടി രൂപ ഈ പദ്ധതിക്കു കീഴിൽ കർഷകർക്കു ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്കീം നിലവിൽ വന്നതിനു ശേഷം ആകെ 1191.57 കോടി രൂപയാണ് സബ്സിഡിയായി വിതരണം ചെയ്തിട്ടുള്ളത്. |
| (സി) | നടപ്പുവർഷം നാളിതുവരെയായി കർഷകർക്ക് റബ്ബർ വില സ്ഥിരത ഫണ്ട് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ഈ പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം 16/11/2018 വരെ 286.17 കോടി രൂപ സബ്സിഡിയായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | |

Sreelatha (signature)

**സെക്ഷൻ ഓഫീസർ**